# ജോർജ്ജിയൻ വോയ്സ്

GEORGIAN VOICE

ലക്കം 4 | മെയ് 2012 | പുസ്തകം 5






യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം

**സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ**

**കരിങ്ങാച്ചിറ**

## അന്ത്യോഖ്യാ സിംഹാസനം നീണാൾ വാഴട്ടെ



നമ്മുടെ ഇടയൻ

**പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവയ്ക്ക്**

കരിങ്ങാച്ചിറ കത്തീഡ്രലിന്റെ ജന്മദിനാശംസകൾ



## ജോർജ്ജിയൻ വോയ്സ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

*ചെയർമാൻ*

**റവ.ഫാ. ഷമ്മി ജോൺ**

*വൈസ് ചെയർമാൻ*

**റവ.ഫാ. റോയ്പോൾ**

**റവ.ഫാ. വർഗീസ് പുലയത്ത്**

*ഉപദേശക സമിതി*

**റവ.ഫാ. വർഗീസ് പുലയത്ത്**

**റവ. ഫാ. സഖറിയ ഓണേരിൽ**

*മാനേജിംഗ് എഡിറ്റർ*

**റവ.ഫാ. സെബുപോൾ**

*ചീഫ് എഡിറ്റർ*

**വർഗീസ് രാജു**

*പ്രിന്റർ & പബ്ലിഷർ*

**ഷൈജു പി.കെ.**

*സബ് എഡിറ്റേഴ്സ്*

**രൻജി പോൾ**


**യൽദോ ജോർജ്ജ്**

**മാത്യു പോൾ**

*മെയ് 2012*

## ഇതളുകൾ വിരിയുമ്പോൾ

ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoice@stgeorgecathedral.in
www.stgeorgecathedral.in




# എഡിറ്റോറിയൽ

## യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുക

യഥാർത്ഥ ക്രിസ്തീയ ജീവിതംകൊണ്ട് ലക്ഷ്യമാക്കുന്നത് ലൗകികാംശത്തോടൊപ്പം തന്നെ ആത്മീയാംശത്തിലും യഥാർത്ഥ സ്വാതന്ത്ര്യമനുഭവിക്കുവാനാവശ്യമായ യോഗ്യത തേടുകയെന്നതാണ്. ദൈവത്തേയും മാംമാനേയും ഒരുമിച്ച് സേവിക്കാനാകുമോ? അതിൽ ഒന്നിനോട് പറ്റിച്ചേർന്ന് മറ്റേതിനെവെറുക്കുക-ലോകസാധാരണമായ ഗതിയിൽ, ദൈവത്തെ മറന്ന് ലോകത്തെ സേവിക്കുന്നതിലായിരിക്കും കൂടുതൽ വ്യഗ്രത. ലോകത്തെ മറന്ന് എങ്ങനെലോകത്തിൽ ജീവിക്കാനാകും അതൊരു വൈരുദ്ധ്യമല്ലേ? വിരിച്ചൊരുക്കുയ ഒരു മാർഗ്ഗം മുമ്പിൽ കിടക്കെ ആരുണ്ട് കല്ലും മുള്ളും നിറഞ്ഞ മാർഗ്ഗത്തിലൂടെ പോകുവാൻ ഇവിടെയാണ് സ്വയം ചിന്തയുടെ ആവശ്യം. ലോകം കണ്ട മഹാന്മാർ, പുണ്യം നേടിയ പിതാക്കന്മാർ, ആത്മയരായി രൂപാന്തരപ്പെട്ട മഹാത്മാക്കൾ. ഇവരെല്ലാം ജീവിതത്തിൽ നേർവഴി കണ്ടെത്തിയത് മേൽപ്പറഞ്ഞ വഴിത്തിരിവിൽ വച്ചാണ്. അവർ സ്വയം പൗലോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ “എന്നോടു പഠിച്ചും, ഗ്രഹിച്ചും കേട്ടും, കണ്ടുമുള്ളത് പ്രവർത്തിച്ച്, സമാധാനത്തിന്റെ ദൈവത്തെ (ഫിലി 49) ഉൾക്കൊണ്ടവരാണ്. ഇന്നത്തെ ലോകമായ ജീവിതംകൊണ്ട് ആർക്കും തന്നെ കരസ്ഥമാക്കാൻ കഴിയുന്നതും അതുതന്നെയാണ്. മഹാവിശുദ്ധന്മാർ ലോകത്തിൽ അവശേഷിപ്പിച്ചുള്ള ആ അതിവിശുദ്ധ പന്ഥാവ് നേടിയെടുക്കുന്തിനലാണ് ജീവിത വിജയം ഉൾക്കൊള്ളുന്നത്. ആ വിജയം കരസ്ഥമാക്കുവാൻ സ്വാതന്ത്രത്തോടൊപ്പം പാവനമായ വിധേയതവും ആവശ്യമാണ്. അതിലേക്കു കടക്കുമ്പോൾ ലോകശയമായ ത്യാഗവും അത്യന്ത്യാപേക്ഷിതമാണ്. •

# "നമ്മുടെ കാവൽക്കാരൻ മോർ ഗീവർഗീസ് സഹദ"



ഫാ. വർഗീസ് പുലയത്ത്


ക്രിസ്തീയ ജീവിതത്തിലെ ആനന്ദകരമായ ദിനങ്ങളാണ് പെരുന്നാളുകൾ. പെരുന്നാൾ ദിവസങ്ങൾ ഒത്തുചേരലിന്റേയും ഓർമ്മപുതുക്കലിന്റേയും അവസരങ്ങളാണ്. പിറന്നവീട് വിട്ട് അന്യദേശങ്ങളിൽ കുടിയേറിയിരിക്കുന്നവരും വിവാഹം കഴിച്ച് വിട്ടതിനാൽ ദൂരദിക്കിൽ താമസിക്കുന്നവരും ഒത്തുചേർന്ന് സന്തോഷിക്കുന്ന സുദിനങ്ങൾ. ഇടവക ദൈവാലയത്തിൽ ആരാധനക്കും വഴിപാടുകൾ അർപ്പിക്കുന്നതിനും വിശുദ്ധന്മാരുടെ ഓർമ്മപെരുന്നാൾ ആഘോഷിക്കുന്നതിനും ഉള്ള അവസരങ്ങൾ ആത്മീക നൽവരങ്ങൾ ദൈവസന്നിധിയിൽ നിന്നും പ്രാപിക്കുന്നതിനും സാഹോദര്യവും സൗഹാർദ്ദവും നിലനിർത്തുന്നതിനും ഉള്ള അവസരങ്ങളൊരുക്കുന്നു. "കരിങ്ങാച്ചിറ മുത്തപ്പൻ" (വി. ഗീവർഗീസ് സഹദാ) ലോകത്തെവിടെ ആയാലും ഇടവക ജനങ്ങളുടെ കാവൽപിതാവാണ്. മേടം 24 "മുത്തപ്പന്റെ" പെരുന്നാൾ ജാതിമതവർഗ്ഗവർണ്ണവ്യത്യാസമില്ലാതെ എല്ലാവരും ഒരുമിച്ച് ആഘോഷിക്കുമ്പോൾ നാടും നഗരവും സകലവിധ അനുഗ്രഹങ്ങളും പ്രാപിക്കുന്നു. ജനഹൃദയങ്ങളിൽ മതസഹിഷ്ണുതയുടെ വേരുകൾ ആഴത്തിൽ ഇറങ്ങിചെല്ലുന്നു.



പെരുന്നാളുകളുടെ ചരിത്രം പരിശോധിക്കുമ്പോൾ അത് ദൈവത്താൽ നിശ്ചയിക്കപ്പെട്ടവയാകുന്നു എന്ന് വചനം വ്യക്തമാക്കുന്നു. പുറപ്പാട് 23:14 "ആണ്ടിൽ മൂന്നുതവണ എനിക്ക് പെരുന്നാൾ ആഘോഷിക്കണം" പുറപ്പാട് 23:17 "ആണ്ടിൽ മൂന്നു തവണ നിന്റെ പുരുഷന്മാരെല്ലാം ദൈവമായ കർത്താവിന്റെ സന്നിധിയിൽ വരണം" അവ ദൈവം നല്കിയ നന്മകൾക്ക് നന്ദി കരേറ്റുവാനും, ദൈവ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ഒത്തൊരുമിച്ച് ദൈവ സന്നിധിയിൽ സന്തോഷിക്കുവാനുമായിരുന്നു ദൈവസന്നിധിയിൽ വെറും കയ്യോടെ വരരുതെന്നും ദൈവം തന്നിട്ടുള്ള അനുഗ്രഹത്തിനു തക്കവണ്ണം താന്താന്റെ പ്രാപ്തി പോലെ കാഴ്ചകളും, ബലികളും അർപ്പിക്കുവാൻ ഒരുങ്ങി വരണമെന്ന് ആവർത്തനം 16:16, 17 ഉം വിളവിന്റെ ആദ്യഫലം ദൈവത്തിന്റെ ആലയത്തിൽ കൊണ്ടുവരണമെന്നും പുറപ്പാട് 23:19 ഉം വ്യക്തമാക്കിയിരിക്കുന്നു.

ജീവിച്ചിരിക്കുന്ന നാളുകളിൽ ദൈവപ്രീതി ലഭിച്ചിട്ടുള്ളവരിൽ പരിശുദ്ധത്മാവ് വസിച്ചുകൊണ്ട് അവരാൽ അനേക അത്ഭുതങ്ങൾ നടന്നിട്ടുണ്ട്. വി. പത്രോസ് മുടന്തനെസൗഖ്യമാക്കുന്നതും പ്രക്സീസ് 3:1-10 വരെ വി. പൗലോസിന്റെ നിഴൽ വീണ് രോഗികൾ സൗഖ്യം പ്രാപിച്ചത് പ്രക്സീസ് 5:15 ഭാഗങ്ങളിലും വിവരിക്കുന്നു. ദൈവീക ശക്തിയാൽ ശിംശോൻ അമാനുഷീക കാര്യങ്ങൾ പ്രവർത്തിക്കുന്നതായി ന്യായധി 14:6 ലും ഏലിയാ ദീർഘദർശിയുടെ പുതപ്പുകൊണ്ട് ഏലീശ യോർദ്ദാനിലെ വെള്ളത്തെ ഭാഗിക്കുന്നത് 2 രാജ: 2:14ലും വിശദീകരിച്ചിരിക്കുന്നു. കൊലേസ്യ 3:3 കർത്താവിൽ നിദ്രപ്രാപിച്ചവരുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു. അവർ ക്രിസ്തുവിനോടുകൂടെ വെളിപ്പെടും എന്നും പറഞ്ഞിരിക്കുന്നു. വിശുദ്ധന്മാരെ ആദരിക്കുന്നവർക്ക് അവർ വഴിയായി പ്രതിഫലം ഉണ്ടെന്ന് മത്തായി 10:41 വ്യക്തമാക്കുന്നു. വി. യോഹന്നാൻ 8:15 ദൈവവചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം കാണുകയില്ല. 1 പത്രോസ് 3:12 യഹോവ വിശുദ്ധന്മാരുടെ മുഖം കാണുന്നു. അവരുടെ പ്രാർത്ഥനകേൾക്കുന്നു. വെളിപാട് 6:9 കർത്താവിനായി വധിക്കപ്പെട്ടവരുടെ ആത്മാക്കളെ യാഗപീഠത്തിൻ കീഴിൽ കണ്ടു. അവർ സജീവരായിരിക്കുന്നു. 2 കൊര 5:1-10 ജീവിച്ചിരുന്നപ്പോഴും അതിനു ശേഷവും അവർ കർത്താവിനോടു കൂടെത്തന്നെ.

വി. ഗീവർഗ്ഗീസ് സഹദാ കർത്താവിനുവേണ്ടി വധിക്കപ്പെട്ടു. സഹദായുടെ പ്രാർത്ഥനശക്തമാണ്, സജ്ജീവമാണ്. സഹദാ കർത്തൃസന്നിധിയിൽ ജീവിച്ച് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. കർത്താവു രണ്ടാമതു വരുമ്പോൾ സകല വിശുദ്ധന്മാരും കൂടെ ഉണ്ടാകും. വിശുദ്ധന്റെ അസ്ഥികളും മദ്ധ്യസ്ഥതയും നമുക്ക് എന്നും കോട്ടയായിരിക്കട്ടെ. വിശുദ്ധന്റെ ഓർമ്മ ആ ചന്ദ്രതാരം നിലനില്ക്കും.



# റാഗിംഗ്: ക്രൂരവും മാരകവുമായ സാമൂഹ്യവിപത്ത്

അഡ്വ.ചാർളിപോൾ M.A.,LL.B, D.S.S.

അനുദിനപത്രവാർത്തകളിൽ റാഗിംഗിന്റെ പേരിലുള്ള ക്രൂരതകളുടെ കഥകളാണ് വായിക്കേണ്ടി വരുന്നത്. ജാമ്യം ലഭിക്കാത്ത കുറ്റകൃത്യമായിട്ടുപോലും റാഗിംഗ് വീണ്ടും ആവർത്തിക്കപ്പെടുകയാണ്. മൃഗത്തോടുപോലും കാണിക്കരുതാത്ത ക്രൂരതയാണ് മനുഷ്യൻ മനുഷ്യനോട് ചെയ്യുന്നത്. റാഗിംഗ് എന്ന കിരാതത്വം നമ്മുടെ ക്യാമ്പസുകളെ ശവപ്പറമ്പുകളാക്കി മാറ്റുകയാണ്. 2007 ജൂലൈ മുതൽ 2011 ജൂൺ വരെ രാജ്യത്ത് റാഗിംഗുമായി ബന്ധപ്പെട്ട് 75 മരണങ്ങളും 36 ആത്മഹത്യാശ്രമങ്ങളും നടന്നു. റാഗിങ്ങിന്റെ പേരിൽ നിരവധി പേർ മനോരോഗികളായി. പലരും പഠനം ഉപേക്ഷിച്ചു. ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണ് റാഗിംഗിന്റെ പേരിൽ നടക്കുന്നത്.

കോളേജിൽ പുതുതായി എത്തുന്ന വിദ്യാർത്ഥികളുടെ സങ്കോചമകറ്റുന്നതിനുള്ള സീനിയർ വിദ്യാർത്ഥികളുടെ തമാശകലർന്ന നമ്പറുകളാണ് പിന്നീട് മൃഗീയവും ആഭാസകരവുമായ റാഗിംഗ് എന്ന കാടത്തമായി മാറിയത്. മാന്യതയുടെയും കലാലയ അച്ചടക്കത്തിന്റെയും സകല സീമകളും ലംഘിച്ച് റാഗിംഗ് ക്യാമ്പസുകളുടെ ശാപമായി മാറിയിട്ടുണ്ട്. മദ്യവും മയക്കുമരുന്നുകളും ഈ ക്രൂരതയുടെ ആക്കം വർദ്ധിപ്പിച്ചു.

ഭരണകൂടവും രാജ്യത്തെ നിയമവ്യവസ്ഥയും റാഗിംഗിനെതിരെ അതിശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. റാഗിംഗിനെകർശനമായി വിലക്കികൊണ്ടുള്ള അതി ശക്തമായ നിയമവ്യവസ്ഥകൾ നിലവിലുണ്ട്. റാഗിംഗിന് മുതിർന്നാൽ ഭാവി അപകടത്തിലാകും. കുറ്റം തെളിഞ്ഞാൽ ജയിലിൽ പോകേണ്ടിവരും, തീർച്ച.

റാംഗിംഗ് ആരും നിശബ്ദമായി സഹിക്കേണ്ടതില്ല. റാഗിംഗ് നടന്നാൽ ഉടൻ പ്രതികരിക്കുക. റാഗിംഗിനെതിരായ നിയമ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക. റാഗിംഗിന് മൗനാനുവാദം നല്കിയാൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരികളും ജയിലിൽ പോകേണ്ടിവരും. റാഗിംഗ് നടത്തിയവർ പലരും ശിക്ഷിക്കപ്പെട്ട് ജയിലിലാണ്. സ്ഥാപനഅധികൃതർ ശിക്ഷാ നടപടികൾ നേരിടുകയാണ്.

കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാംഗിന് നിരോധിച്ചുകൊണ്ട് 1997 ഒക്ടോബർ 23-ന് നിയമം നിലവിൽ വന്നിട്ടുണ്ട്, ഗലൃമഹമ ജ്യീവശയശശേീ ീള ഞമഴഴശിഴ ീൃറശിമിരല, 1997 എന്ന പേരിൽ ആദ്യം ഓർഡിനൻസായിട്ടാണ് നിയമം കൊണ്ടുവന്നത്. പിന്നീട് കേരള നിയമസഭ "ഠവല ഗലൃമഹമ ജ്യീവശയശശേീ ീള ഞമഴഴശിഴ അരേ, 1998" എന്ന പേരിൽ അത് നിയമമായി അംഗീകരിച്ച് നടപ്പിലാക്കി. കേരളം മുഴുവൻ ഈ നിയമത്തിന്റെപ രിധിയിൽവ രും.റ ാഗിംഗ്ഏ ത്ര ൂപത്തിലും കുറ്റകരവും ശിക്ഷാർഹവുമാണ്. ജാമ്യം ലഭിക്കാത്ത കുറ്റമാണ് റാഗിംഗ്.

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക്ശ ാരീരികമായോമ ാനസികമായോ ഉപദ്രവം ഉണ്ടാകുകയോ, ആ വിദ്യാർത്ഥിയിൽ ഭീതിയോ ജാള്യതയോ വേവലാതിയോ നാണക്കേടോ ഉണ്ടാക്കുന്ന രീതിയൽ പെരുമാറുകയോ ചെയ്താൽ അത് റാഗിംഗാണ്. ഒരു വിദ്യാർത്ഥിയെ കളിയാക്കുക, ആക്ഷേപിക്കുക, അയാളെ പരിഹാസപാത്രമാക്കുന്ന രീതിയിൽ തമാശകൾ കാണിക്കുക, സാധാരണ ഗതിയിൽ ചെയ്യാത്ത കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടുക എന്നിവയും റാഗിംഗിന്റെ നിർവ്വചനത്തിൽപ്പെടും. റാഗിംഗ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അകത്തോ, പുറത്തോ എവിടെ വച്ച് നടന്നാലും കുറ്റകരമാണ്.

യു.ജി.സി (സർവ്വകലാശാല ഗ്രാന്റ്സ് കമ്മീഷൻ) റാഗിംഗിനെപുനർനിർവ്വചിച്ചിട്ടുണ്ട്. "തുടക്കക്കാരനോ അല്ലാത്തതോ ആയ ഏത് വിദ്യാർത്ഥിയോടും വാക്കുകൊണ്ടോ, എഴുത്തുകൊണ്ടോ, പ്രവൃത്തി കൊണ്ടോ ഉള്ള മോശമായ ഇടപെടൽ" എന്നാണ് യു.ജി.സി റാഗിംഗിനെനിർവ്വചിച്ചിട്ടുള്ളത്.

ശാരീരികവും മാനസികവും വൈകാരികവുമായ എല്ലാത്തരം പീഡനങ്ങളും റാഗിംഗാണ്. വിദ്യാർത്ഥികൾ തങ്ങളുടെ അക്കാദമിക് ജോലികൾ മറ്റ് വിദ്യാർത്ഥികളെ കൊണ്ട് നിർബന്ധിച്ച് ചെയ്യിക്കുക, സാമ്പത്തികമായി ചൂഷണം ചെയ്യുക. ലൈംഗികമായി ചൂഷണം ചെയ്യുക. സ്വവർഗ്ഗരതിക്ക് പ്രേരിപ്പിക്കുക. ഇ-മെയിലിലൂടെയോ പോസ്റ്റ് വഴിയോ അസഭ്യ പ്രയോഗം നടത്തുക, നഗ്നനാക്കുക, മറ്റ് തരംതാണ പ്രവർത്തികൾ, ആംഗ്യങ്ങൾ എന്നിവയെല്ലാം റാഗിംഗിന്റെ പരിധിയിൽപ്പെടും.

**ശിക്ഷാ നടപടികൾ :** റാഗിംഗ് നടന്നതായി തെളിയിക്കപ്പെട്ടാൽ 2 വർഷം വരെ തടവും 10,000 രൂപ വരെ പിഴയും ലഭിക്കും. റാഗിംഗിൽ പങ്കെടുത്തവരും പ്രോത്സാഹിപ്പിക്കുന്നവരും കുറ്റക്കാരാണ്. യു.ജി.സി റഗുലേഷൻ അനുസരിച്ച് രണ്ടരലക്ഷം രൂപവരെ റാഗിംഗ്ന ടത്തിയവരിൽന ിന്ന്പ ിഴയായിഇ ൗടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ക്ലാസിൽ ഹാജരാകുന്നതിൽ നിന്ന് സസ്പെൻഷൻ, സ്കോളർഷിപ്പ്/ഫെല്ലോഷിപ്പ് പിൻവലിക്കൽ, ടെസ്റ്റുകളിൽന ിന്നോപ രീക്ഷകളിൽന ിന്നോഡ ിബാർ ചെയ്യൽ, പരീക്ഷാഫലം തടഞ്ഞുവയ്ക്കൽ, മീറ്റുകൾ, ടൂർണമെന്റുകൾ, യൂത്ത് ഫെസ്റ്റിവൽ തുടങ്ങിയവയിൽ നിന്ന് ഒഴിവാക്കൽ, ഹോസ്റ്റലിൽ നിന്ന് സസ്പെൻഷൻ, പുറത്താക്കൽ, പ്രവേശനം റദ്ദാക്കൽ, സ്ഥാപനത്തിൽ നിന്ന് ബഹിഷ്ക്കരിക്കൽ, തുടങ്ങിയ ശിക്ഷകൾ റാഗിംഗിൽ ഉൾപ്പെടുന്നവർക്ക് ലഭിക്കും.

റാഗിംഗ് നിരോധനനിയമപ്രകാരം ശിക്ഷിക്കപ്പെട്ട വിദ്യാർത്ഥിയെ സെക്ഷൻ 5 പ്രകാരം ആ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും ഡിസ്മിസ് ചെയ്യുന്നതും അയാൾക്ക് മറ്റേതൊരു സ്ഥാപനത്തിലും അടുത്ത 3 വർഷത്തേക്ക് പ്രവേശനം ലഭിക്കാത്തതുമാണ്.

റാഗിംഗ് നടന്നതായി വിദ്യാർത്ഥിയോ രക്ഷകർത്താവോ മാതാപിതാക്കളോ, അധ്യാപകരോ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരിക്ക് പരാതി നല്കിയാൽ, മുൻവിധി കൂടാതെ ആക്കാര്യം 7 ദിവസത്തിനകം അന്വേഷിച്ച് പ്രഥമദൃഷ്ട്യാ പരാതിയിൽ കഴമ്പുണ്ടെന്നു ബോധ്യപ്പെട്ടാൽ റാഗിംഗ് നടത്തിയവരെഅ ന്വേഷണവിധേയമായിസ സ്പെന്റ്െ ചയ്യണം. തുടർന്ന് റാഗിംഗ് സംബന്ധിച്ച പരാതി തുടർനടപടിക്കായി പോലീസിന് കൈമാറണം.

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരി നടത്തുന്ന പ്രാഥമിക അന്വേഷണത്തിൽ പരാതിയിൽ കഴമ്പില്ലെന്നു കണ്ടാൽ ആ വസ്തുത രേഖാമൂലം പരാതിക്കാരനെഅറിയിക്കണം. മേൽപ്പറഞ്ഞ രീതിയിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരി പ്രവർത്തിച്ചില്ലെങ്കിൽ അദ്ദേഹം റാഗിംഗിന് പ്രേരകമായ രീതിയിൽ പ്രവർത്തിച്ചതായി കണക്കാക്കി സെക്ഷൻ 4 അനുസരിച്ച് ശിക്ഷിക്കപ്പെടും. റാഗിംഗ് തടയുന്നതിന് പരാജയപ്പെടുന്ന കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കുനോ ധനസഹായം നിറുത്തിവയ്ക്കാനോ യു.ജി.സി ക്കധികാരുമുണ്ട്. (സെക്ഷൻ 12 ആ ീള വേല അരഭ)

**പരാതിപ്പെടേണ്ട സ്ഥാപനങ്ങൾ :**

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയാൻ യു.ജി.സിയുടെ ആഭിമുഖ്യത്തിൽ ബി.എസ്.എൻ. എല്ലും എജ്യുക്കേഷൻ കൺസൾട്ടൻസി ഇന്ത്യാ ലിമിറ്റഡും ചേർന്ന് ഹെൽപ് ലൈൻ ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൺ ഫ്രീ നമ്പറിൽ വിളിച്ച് വിദ്യാർത്ഥികൾക്ക് പരാതിപ്പെടാം. ഇ-മെയിലിലും പരാതി അയക്കാം.

പരാതി ലഭിച്ചാലുടൻ 15 മിനിറ്റിനകം സഹായ നടപടി ഉണ്ടാകും. വിളിക്കേണ്ട ടോൾഫ്രീ നമ്പർ 1800-180-55 22 ആണ്. ഇ-മെയിൽ വലഹുഹശില@മിശ്യേമഴഴശിഴ.ലഭ ആണ്. ഇന്ത്യാതലത്തിൽ1 55222എ ന്നന മ്പറിലുംേ കരളാതലത്തിൽ 9846700100 എന്ന നമ്പറിലും വിളിക്കാം. യു.ജി.സിയുടെ റാഗിംഗ് വിരുദ്ധ നിയമങ്ങൾ ംംം.ൗഴര.മര.ശി അല്ലെങ്കിൽ ംംം.ലറൗരമശേീി.ശര.ശി എന്നതിൽ ലഭ്യമാണ്.

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോരിറ്റിയുടെ സവനവുംല ഭ്യമാണ്.വ ിലാസം,േ കരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോരിറ്റി, നിയമ സഹായഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്, കൊച്ചി-31 ഫോൺ 0484-2396717, ഋ ാമശഹ : സലഹമെ@ിശര.ശി, ണലയശെലേ : ംംം.സലഹമെ.ഴീ.ശി, 24 വീൗ്യ വലഹുഹശില : 9846700100

സുപ്രീംകോടതി ചിലനിർദ്ദേശങ്ങളും റാഗിംഗ് സംബന്ധിച്ച് നല്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരിയുടെ നേതൃത്വത്തിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് വിരുദ്ധ സമിതിയും സ്ക്വാഡും രൂപീകരിക്കുക. ക്യാമ്പസുകളിലെ മദ്യപാനവും, ലഹരി മരുന്നുപയോഗവും തടയാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ മനഃശാസ്ത്രജ്ഞന്മാരുടെ സമിതി രൂപീകരിക്കുക. മോണിറ്ററിംഗ് സെൽ രൂപീകരിക്കുക, പുതിയ വിദ്യാർത്ഥികളെ ഹോസ്റ്റൽ ജീവിതവുമായി പൊരുത്തപ്പെട്ടു പോകാനും മുന്നോട്ടുള്ള ജീവിതത്തിനും സജ്ജമാക്കുവാനും പ്രൊഫഷണൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയ വിവിധ നിർദ്ദേശങ്ങൾ സുപ്രീംകോടതി സംസ്ഥാനസർക്കാരുകൾക്ക് നല്കിയിട്ടുണ്ട്.

റാഗിംഗിൽ ഒരു നന്മയുമില്ല. റാഗിംഗ് ഒഴിവാക്കപ്പെടേണ്ട ക്രൂരവും മാരകവുമായ സാമൂഹിക വിപത്താണ്. ഒരു വ്യക്തിയിൽ അന്തർലീനമായ എല്ലാവിധ മൃഗീയതയും നിസ്സാഹായനായ മറ്റൊരാളുടെ മേൽ പ്രയോഗിക്കുന്നത് കാടത്തമാണ്. റാഗിംഗ് നടത്തുന്നവരെയും റാഗിംഗ് വിധേയരായവരെയും മാനസികാരോഗ്യ പരിപാടികൾക്ക് വിധേയരാക്കണം. ശക്തമായ ബോധവത്ക്കരണവും ക്രിയാത്മകമായ നടപടികളും ഈ കിരാതത്വത്തിനെതിരെ ആവിഷ്കരിച്ച് നടപ്പിലാക്കണം.

ക്രൂരതകളിലൂടെക ടന്നുപോകുന്നബ ാല്യമാണ് ക്രൂരനെസൃഷ്ടിക്കുന്നത്. ബാല്യകാലാനുഭവങ്ങൾ സ്നേഹത്തിന്റെ നിറച്ചാർത്തുകളായി മാറണം. മാതാപിതാക്കൾ അവരുടെ സ്നേഹം നിർലോഭം കൊടുത്തു വേണം മക്കളെ വളർത്തുവാൻ. അല്ലെങ്കിൽ അവർ ക്രൂരതയുടെ ആൾരൂപങ്ങളാകും. മക്കളെ മനുഷ്യത്വവും കരുണയും കരുതലും കാവലും ഉള്ളവരായി വളർത്തുക.

# ലിബിയ

ബേബി ജോർജ്ജ്, ചക്രവേലിൽ

ഇറ്റലിയിലെ ജനങ്ങളെ നിരന്തരമായി ഒരു ഘോര സർപ്പം ഭയവിഹ്വലരാക്കി, അവിടെയുള്ള, ഒരു മാള ത്തിൽ കുടികൊണ്ടിരുന്നു. ഓരോ ദിവസവും ആ പട്ടണം ചുറ്റി, ഓരോ മനുഷ്യനെവീതം പതിവായി പിടികൂടി തിന്നുവന്നു. സർപ്പത്തിന്റെ ശല്യം സഹി ക്കാതായപ്പോൾ രാജാവും പ്രജകളും കൂടി ആലോ ചിച്ച് ഒരു തീരുമാനമെടുത്തു. സർപ്പം പട്ടണത്തിൽ വന്ന് ഇരതേടേണ്ടന്നും, മുടങ്ങാതെ ഓരോ ദിവ സവും ഇരയെ സർപ്പത്തിന്റെ മാളത്തിനരികിൽ എത്തിക്കാമെന്നും, അതുകൊണ്ട് സർപ്പം തൃപ്തി പ്പെടണമെന്നും. ഈ രീതി തുടർന്നുകൊണ്ടിരുന്നു. ഒരു ദിവസം അന്നത്തെ ഇരക്കുള്ള നറുക്ക് വീണത് രാജാവിന്റെ മകൾ ലിബിയക്കായിരുന്നു. രാജാവും കുടുംബാംഗങ്ങളും അതീവ ദുഃഖിതരായി. പക്ഷേ രാജകല്പനഅതേപടി നടപ്പാക്കണമെന്ന് ജന ങ്ങൾ മുറവിളി കൂട്ടി. രാജാവിന് അത് നടപ്പാക്കേ ണ്ടിവന്നു.

രാജാവും കുടുംബാംഗങ്ങളും മകളെയും കൊണ്ട് കണ്ണുനീരിൽ കുതിർന്ന മുഖങ്ങളുമായി, മാള ത്തിന്റെ അരികിൽ നിർദ്ദിഷ്ടസ്ഥാനത്ത് എത്തി. സർപ്പം മാളത്തിൽ നിന്നും ഇരയെ ലക്ഷ്യമാക്കി പുറപ്പെട്ടു. ലിബിയ മുട്ടിന്മേൽ നിന്ന് ദൈവത്തോട് പ്രാർത്ഥിക്കാൻ തുടങ്ങി. എല്ലാവരും ആകാംക്ഷാ ഭരിതമായി നോക്കി നില്ക്കുകയാണ്.

അതാ ആ സമയത്ത് ഒരു യുവപടയാളി കുതിരപ്പു റത്ത്ത മിന്നൽപിണർ വേഗത്തിൽ പാഞ്ഞ് വന്ന് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. രാജകുമാരി യുടെ അടുത്ത് സർപ്പം എത്തിച്ചേരുന്നതിന് അല്പം മുൻപായി കയ്യിലുണ്ടായിരുന്ന കുന്തം കൊണ്ട്ആ സ ർപ്പത്തെക ുത്തിമലർത്തി.ആ കുട്ടിയെ രക്ഷപ്പെടുത്തി. രാജാവും പ്രജകളും അതീവ സന്തോഷമായി. വി. ഗീവർഗീസ് സഹദാ തന്റെ ക്രിസ്തീയ ദൗത്യം പൂർത്തീകരിച്ചതിൽ അതീവ സന്തുഷ്ടനായി.

രാജാവ് സഹദായോട് ആരാണെന്നും മറ്റുമുള്ള വിശേഷങ്ങൾ തിരക്കി. സന്തുഷ്ടനായ രാജാവ് സഹദായേ പലവിധ സമ്മാനങ്ങൾ കൊടുത്ത് ആദരിച്ചു. ഇതിനെല്ലാം ഉപരിയായി ചക്ര വർത്തിയും കുടുംബാംഗങ്ങളും ഏതാനും പ്രജ കളും ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു.

വിശ്വാസവും ധീരതയും വഴി സർപ്പമാകുന്ന സാത്താനെപരാജയപ്പെടുത്തി.

പുണ്യാത്മാക്കൾ നമുക്ക് വഴികാട്ടികളും മാതൃക കളുമാണ്.


## 30-ാം വിവാഹ വാർഷികം (02.05.2012)




പൗലോസ് & സൂസൻ ഗ്ലാരി

ആശംസകളോടെ:
എമി & എഫി

# ക്രൂശിലെ സ്നേഹം

സാറാമ്മ തോമസ്,
ഇസ്രായേൽ കുടുംബയൂണിറ്റ്



യേശു നായകാ, ശ്രീയേശു നായകാ
നിൻ ക്രൂശിനെഞ്ഞാൻ ധ്യാനിക്കുന്നു
ധ്യാനിക്കും തോറും ആശ്ചര്യമേറിടുന്നു,
അവർണ്ണനീയമ സ്നേഹമെങ്കിലും
അരൂപിയാം സ്വപിതാവിനെ
നിൻ താഴ്ചയാൽ വെളിവാക്കി നീ
ഇത്രമാം സ്നേഹ വാത്സല്യം
ഏകുവാൻ ഞാൻ നിനക്കാരോ?
എന്നന്ധത നീക്കിവെളിവേകുക
നിൻ സത്യത്തിലെന്നെ നയിക്ക
അശുദ്ധനാമെന്നെ കഴുകി-
നിൻ സ്നേഹത്താലെന്നെ മൂടുക
നിൻ ക്രൂശിനെധ്യാനിക്കുമ്പോൾ
എൻ മാനസം തുളുമ്പീടുന്നു-
തിരു മുറിയുകളെ ഞാൻ പുൽകട്ടെ
പൂർണ്ണനാക്കെന്നെ രക്ഷകാ
എന്തു ഞാൻ നിനക്കേകിടും
എങ്ങിനെഞ്ഞാൻ നിന്നെ സേവിക്കും
നേടും നിൻ സാക്ഷിയായ് ഞാനീ-
ലോകത്തിൻ വിളക്കെന്നോതിയോനെ.

# നിങ്ങൾക്കറിയാമോ?

വിവരശേഖരണം:
പൗലോസ് മൂക്കനോട്ടിൽ

## ഒരുദിവസം!!

1. നിങ്ങളുടെ ഹൃദയം 1,03,689 പ്രാവശ്യം സ്പന്ദിക്കുന്നു!
2. നിങ്ങളുടെ രക്തം 16,80,00,000 മൈൽ സഞ്ചരിക്കുന്നു!
3. നിങ്ങൾ 438 ക്യുബിക്ക് അടി വായു ശ്വസിക്കുന്നു!
4. നിങ്ങൾ 23,040 പ്രാവശ്യം ശ്വസിക്കുന്നു!
5. നിങ്ങൾ 3.5 പൗണ്ട് ഭക്ഷണം കഴിക്കുന്നു!
6. നിങ്ങൾ 2 1/4 ലിറ്റർ ജലം കുടിക്കുന്നു!
7. നിങ്ങൾ 7 - 8 പൗണ്ട് വിസർജ്ജിക്കുന്നു!
8. നിങ്ങൾ 48000 വാക്കുകളോളം സംസാരിക്കുന്നു!
9. നിങ്ങൾ 750 പേശികൾ അനക്കുന്നു!
10. നിങ്ങളുടെ നഖം 0.000046 ഇഞ്ച് വളരുന്നു!
11. നിങ്ങളുടെ മുടി 0.01714 ഇഞ്ച് വളരുന്നു!
12. നിങ്ങളുടെ തലച്ചോർ 10,00,000 കര്യങ്ങളിലേക്ക് ശ്രദ്ധ ചെലുത്തുന്നു!

# നന്മയുടെ ദീപവുമായി ഈസ്റ്റർ ദിനത്തിൽ കുഷ്ഠരോഗശുപത്രി സന്ദർശിച്ചു



നമ്മുടെ കത്തീഡ്രലിൽ നിന്നും മുൻ വർഷങ്ങളിലെപോലെ ഈ വർഷവും കുഷ്ഠരോഗാശുപത്രി സന്ദർശിച്ചു. വേദനാജനകമായി നിമിഷങ്ങളായിരുന്നു പലരോഗികളേയും കണ്ടപ്പോൾ കത്തീഡ്രൽ അംഗങ്ങൾക്ക് ഉണ്ടായത്. ഈ കര്യത്തിലേക്ക് ഏകദേശം രണ്ടുലക്ഷം രൂപയോളം സംഭാവനയായി ലഭിച്ചത് നന്ദിപൂർവ്വം സ്മരിക്കുന്നു. ബഹുമാനപ്പെട്ട റോയി പോൾ അച്ചന്റെ നേതൃത്വത്തിൽ 30-ാളം പേർ സന്ദർശനസംഘത്തിൽ ഉണ്ടായിരുന്നു.



# മോനേ വല്ലാതെ തണുക്കുന്നല്ലോടാ...!




9

ഡോ. സിവി വി. പുലയത്ത് MDS.
കക്കാട് 9895677477

അമ്മച്ചിക്കു തണുപ്പുതീരെ പറ്റില്ലെന്നു നിനക്കറിയത്തില്ലയോടാ ചെറിയാച്ചാ...! പിന്നെയെന്തിനാടാ എന്നെ ഈ തണുപ്പു കൂട്ടിലടച്ചിരിക്കുന്നേ? അമ്മക്കു വല്ലാതെ തണുക്കുന്നല്ലോടാ...!

വല്യമ്മച്ചി മുകളിലേക്ക് നോക്കി ഉറക്കെ വിളിച്ചു പറഞ്ഞു. ശബ്ദം മാത്രം പുറത്തു വന്നില്ല. അല്ലെങ്കിലു ഒരു ശവം സംസാരിച്ച ചരിത്രമുണ്ടോ?! മൊബൈൽ മോർച്ചറിയുടെ തണുപ്പ് അമ്മച്ചിക്ക് അസഹനീയമായി മാറിയിരിക്കുന്നു.

എടാ മെത്രാൻ വരാൻ നോക്കി നിൽക്കാതെ നീയെന്റെ ആത്മാവിനെമോലോട്ടുവിടാനുള്ള പരിപാടി നോക്കെന്റെ ചെറിയാനേ... ഈ 87-ാം വയസ്സിൽ 36 കിലോ മാത്രമുള്ള ഉണക്കക്കൊള്ളി പോലുള്ള ഈ ശരീരം ഒരുദിവസം കൊണ്ടൊന്നും ചീഞ്ഞുപോകത്തില്ലെന്നു നിനക്കറിയാൻ വയ്യാഞ്ഞിട്ടാണോടീ മരുമോളേ മോളീ...

അമ്മച്ചി മോല്പോട്ടു നോക്കി. മഞ്ഞുകണങ്ങൾ നിറഞ്ഞ മൂടിയിൽ കുടുംബയൂണിറ്റിന്റെ റീത്തു വന്നു വീണു. ഇത് ഏഴാമത്തെയാ... ചാകാതെ നാലരക്കൊല്ലം നരകിച്ചു കിടന്നപ്പം തിരിഞ്ഞു നോക്കാത്തവനൊക്കെ 100 രൂപയുടെ പുഷ്പചക്രവുമായി വന്നിരിക്കുന്നു.

കർത്താവിന്റെ സന്നിധിയിലേക്കു യാത്രയായിരിക്കുന്ന ഈ ദാസിയുടെ വേർപാടിൽ ദുഃഖിക്കുന്ന ഈ കുടുംബത്തെ ഞാൻ ആശ്വസിപ്പിക്കട്ടെ. ഈ അമ്മച്ചിയെ പൊന്നുപോലെ നോക്കി ഈ കുടുംബാംഗങ്ങളെ എത്ര പുകഴ്ത്തിയാലും മതിയാകില്ല. ആരുമില്ലാത്ത സമയ മൈക്കു കൈയ്യിൽ കിട്ടിയ ശെമ്മാശൻ തകർത്തു പ്രസംഗിക്കുകയാണ്. വനിതാസമാജാംഗങ്ങൾ ഒരു പുതിയ സുവിശേഷം കേട്ടപോലെ തലയാട്ടിക്കൊണ്ടിരിക്കുന്നു.

ഉവ്വ... ഉവ്വ... കട്ടിലിൽ ഞാൻ തൂറിമെഴുകി കിടന്ന ദിവസങ്ങളുണ്ട്. മോളീം മക്കളും നാടുതെണ്ടി നടക്കുമ്പോൾ ഞാനിവിടെ വീട്ടുതടങ്കലിലാ. പക്ഷേ കുറ്റം പറയാൻ പറ്റത്തില്ല കേട്ടോ. അവളായതുകൊണ്ട് എന്നെ പട്ടിണിക്കിട്ടിട്ടില്ല. ചെറിയാച്ചൻ ഒരിക്കലും എന്റെ മരണത്തിനായി പ്രാർത്ഥിച്ചിട്ടില്ല. അതുതന്നെ ഭാഗ്യം!

പക്ഷേ ഇപ്പോഴത്തെ പ്രശ്നം അതല്ലല്ലോ. എനിക്കു വല്ലാതെ തണുക്കുന്നു. അമേരിക്കേന്നു മക്കളു വരാനുണ്ടെങ്കിൽ ഈ തണുപ്പു സഹിച്ചു കിടക്കുന്നതിൽ അർത്ഥമുണ്ട്. ഇത് ചുമ്മാ നാട്ടുകാരെക്കാണിക്കാൻ എന്നെ ഈ ഫ്രിഡ്ജിനകത്തിട്ടു പൂട്ടി ഓരോ നാടകങ്ങൾ.

ശവസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടത്തിയ അച്ചൻ ഒരബദ്ധം കാണിച്ചു. പുരുഷന്മാരുടെ ശവമടക്കിനുള്ള പ്രാർത്ഥനയാണു ചൊല്ലിയത്. പണ്ടൊക്കെ എല്ലാ മരണവീട്ടിലും പോയി പാടി പാടി എനിക്കിതൊക്കെ നല്ല പരിചയമാണു കേട്ടോ... എന്തായാലും ഈ ശുശ്രൂഷകൾ പൂർത്തിയാകാതെ എനിക്കങ്ങു മോല്പോട്ടു പോകാൻ പറ്റത്തില്ലല്ലോ...

മിനുക്കുട്ടീ... നീയിങ്ങനെഓടി നടക്കല്ലേ... വല്യമ്മച്ചി ഇങ്ങനെചത്ത് ചമഞ്ഞ് കിടക്കുമ്പോൾ എന്റെ കൊച്ചുമോള് ഒന്നു കരയുകയെങ്കിലും വേണ്ടേ? ഈ രാത്രിയങ്ങു കഴിഞ്ഞാൽ അമ്മച്ചി യാത്രയാകും നാളെ രാവിലെ പതിനൊന്നു മണിക്കു ആറടി മണ്ണിൽ അന്ത്യനിദ്ര.

കർത്താവേ കുടുംബപ്പേരിൽ പുതിയൊരു സെൽ മേടിച്ചിട്ടുണ്ട്. അതിലെങ്ങാൻ കൊണ്ടിടുമോ? ആ താഴേക്കുള്ള വീഴ്ചയോർക്കുമ്പം എനിക്കു പേടിയാകുന്നു. എന്റെ ആമ്പ്രന്നോന്റെ 16 കൊല്ലം കൊണ്ടു പൊടിഞ്ഞ എല്ലുംകൂട്ടത്തിൽ കിടന്നോളാം ഞാൻ. ചെറിയാച്ചാ നീയെന്നെ പറ്റിക്കരുത്. "എഴുപതോ ഏറെയായാൽ എൺപതോ മാത്രം" ഷൈനിയുടെ ശബ്ദം പാറക്കല്ലിൽ ചിരട്ട ഉരക്കുന്ന പോലെയിരിക്കുന്നു. ഓ... രാത്രി കൂട്ടിരുപ്പു പ്രാർത്ഥനക്കാർക്കു കട്ടൻകാപ്പിയുമായി ഷിബുവുമുണ്ടല്ലേ. ഏറെയായാൽ 80 എന്നാണു പാട്ടിൽ പറയുന്നത്. എന്റെ 87 വളരെ വളരെ കൂടിപ്പോയി! ഉറക്കം വരുന്നു മക്കളേ... അന്ത്യനിദ്രയിലെ ഒരു ചെറിയ നിദ്ര. നാളെ രാവിലെ കുളിച്ചൊരുങ്ങി പോകാനുള്ളതാ. അരഞ്ഞാണം വരെ അതിനു മുമ്പേ മോളി അഴിച്ചെടുത്തു കേട്ടോ. സാരമില്ല. എല്ലാം ഈ ജീവിതം പോലും അവർക്കുള്ളതായിരുന്നല്ലോ. ചെറിയാച്ചാ. വല്ലാതെ തണുക്കുന്നല്ലോടാ...

## വാർത്തകൾ

### കൊച്ചി ഭദ്രാസനധ്യാനയോഗം നമ്മുടെ കത്തീഡ്രലിൽ

കൊച്ചി ഭദ്രാസനധ്യാനയോഗം എല്ലാ 3 മാസത്തിൽ ഒരിക്കൽ നടത്തിവരുന്ന ധ്യാനയോഗം നമ്മുടെ കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ സഖറിയാസ് മോർ പോളിക്കാർപ്പസ് മെത്രാപ്പോലീത്തയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ധ്യാനയോഗത്തിൽ വിശ്വാസികൾ പ്രാർത്ഥനാനിരധരായി കടന്നുവരണമെന്ന് അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ജോസഫ് മോർ ഗ്രീഗോറിയോസ് അറിയിച്ചു.

### വെണ്ണിക്കുളം സ്കൂൾ 100 മേനി വിജയവുമായി

പത്താം ക്ലാസ് പരീക്ഷക്ക് നമ്മുടെ കത്തീഡ്രൽ വക സ്കൂളായ വെണ്ണിക്കുളം സെന്റ് ജോർജ്ജ് ഹൈസ്കൂൾ ആവേശകരമായ വിജയം കൊയ്തു. അദ്ധ്യാപകരുടെ ചിട്ടയോടുകൂടിയുള്ള അദ്ധ്യായനം കുട്ടികളിൽ പരീക്ഷയോടും ഭാവി പടവുകളെക്കുറിച്ചുള്ള ആത്മാർത്ഥ വളർച്ചയെടുക്കാൻ സാധിച്ചു. ഹെഡ്മാസ്റ്റർ ശ്രീ. ശ്രീകുമാർ സാർ അഭിപ്രായപ്പെട്ടു. ഉന്നതവിജയം കൈവരിച്ച എല്ലാ കുട്ടികൾക്കും, അതിനുവേണ്ടി നിസ്വർത്ഥമായ സേവനം അനുഷ്ഠിച്ച അധ്യാപകർക്കും ജോർജ്ജിയൻ വോയ്സിന്റെയും കരിങ്ങാച്ചിറ കത്തീഡ്രലിന്റെ അഭിനന്ദനങ്ങൾ.

### കുമ്പസാര ഒരുക്ക ക്ലാസ് നടത്തി

തിരുവാങ്കുളം ബസയ്ത സ്തേഫാനോസ് കുടുംബയൂണിറ്റുകൾ സംയുക്തമായി തിരുവാങ്കുളം കൃംതാ സെമിനാരിയിൽ വച്ച് കുമ്പസാരത്തിന് ഒരുങ്ങുന്നതിന് വേണ്ടിയുള്ള ക്ലാസ് സാജു പോട്ടയിൽ അച്ചൻ നയിച്ചു. ക്ലാസിൽ സോവി വിജു സങ്കീർത്തനവും മാത്യു മഴവന്ത്രപറമ്പിൽ സ്വാഗതവും, പി.ഒ. സക്കറിയ ഓണേരിൽ ആമുഖപ്രസംഗവും പി.ഒ. ഷമ്മി ജോൺ അദ്ധ്യക്ഷതയും വഹിച്ച യോഗത്തിൽ പാപങ്ങൾ ഏറ്റുപറഞ്ഞ് പശ്ചാത്താപിച്ചാൽ മാത്രമേ പാപവിമോചനമുണ്ടാകൂ എന്ന് സാജുപോട്ടയിൽ അച്ചൻ പറഞ്ഞു. കെ.എം. കുരൃാക്കോസ് നന്ദി രേഖപ്പെടുത്തി.

### നിർദ്ദനരായ വിദ്യാർത്ഥികളെ നിങ്ങൾക്ക് സഹായിക്കാം

പുതിയ അദ്ധ്യയനവർഷത്തിലേക്ക് ഒരുക്കുന്ന വിദൃാർത്ഥികളിൽ നിർദ്ദനരായ വിദ്യാർത്ഥികളെ സഹായിക്കുവാൻ ജോർജ്ജിയൻ വോയ്സ് നിങ്ങൾക്ക് അവസരം ഒരുക്കുന്നു. പഠനഉപകരണങ്ങളോ സംഭാവനകളോ നൽകുവാൻ താൽപര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക: 9995215999

### ജെ. എസ്. വി. ബി. എസ്. നടത്തപ്പെട്ടു

നമ്മുടെ കുട്ടികൾക്കായി നടത്തിവരാറുള്ള ജെ.എസ്.വി.ബി.എസ്. ഏപ്രിൽ 23 മുതൽ 28 വരെ ഭംഗിയായി നമ്മുടെ കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. ഏകദേശം 200 കുട്ടികളോളം പങ്കെടുത്തു.

### പരി. പാത്രിയർക്കീസ് ബാവായുടെ ജന്മദിനം ആഘോഷിച്ചു.



പരി. പാത്രിയർക്കീസ് ബാവയുടെ 80-ാം ജന്മദിനം 21.04.2012-ന് സ്വിസലേസിൽ വച്ച് നടത്തപ്പെട്ടു.

## പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ

കരിങ്ങാച്ചിറ കത്തീഡ്രലിൽ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ 2011 ജൂൺ 29-ാം തീയതി നടത്തപ്പെടുന്നു. പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് പ്രാർത്ഥിച്ച് ദൈവീകാനുഗ്രഹം പ്രാപിക്കുവാൻ കർതൃനാമത്തിൽ അപേക്ഷിച്ചുകൊള്ളുന്നു.

# വിജ്ഞാനകൗതുകം

ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ

1. "പഴയ സ്നേഹിതനെനീ ഉപേക്ഷിയ്ക്കരുത്, എന്തെന്നാൽ പുതിയവൻ അവനോട് തുല്ല്യനായിരിയ്ക്കയില്ല" ഏത് ഗ്രന്ഥത്തിൽ നിന്നാണ് നമുക്ക് ഈ ഉപദേശം ലഭിയ്ക്കുന്നത്?
   a. മഹാജ്ഞാനം  b. ബാർആസീറേ  c. സഭാപ്രസംഗി
2. താഴെ പറഞ്ഞിരിയ്ക്കുന്നവരിൽ ആരാണ് കർത്താവിന്റെ മറുരൂപസമയത്ത് അവനോടുകൂടി ഉണ്ടായിരുന്നത്?
   a.മോശ  b. അബ്രാഹം  c. ഗബ്രിയേൻ ദൂതൻ
3. പട്ടക്കാരൻ കാസായും പീലാസായും മേൽപ്പോട്ട് ഉയർത്തുന്നത് കർത്താവിന്റെ എന്തിനെസൂചിപ്പിക്കുന്നു?
   a.ക്രൂശുമരണത്തെ  b. പുനരുത്ഥാനത്തെ  c. സ്വർഗ്ഗാരോഹണത്തെ
4. യിസ്രായേൽ ജനം മിസ്രയിം ദേശത്ത് എത്രവർഷം അടിമകളായി ജീവിച്ചു?
   a.400  b. 430  c. 450
5. "എല്ലാ തിന്മകളുടേയും മൂലം ......... ആകുന്നു"
   a.ദ്രവ്യാഗ്രഹം  b. അസൂയ  c. കോപം
6. "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല, വിശ്വസിക്കുന്ന ഏവനും അത് രക്ഷയ്ക്കായി ദൈവശക്തിയാക്കുന്നു" പൗലോസ് ശ്ലീഹാ തന്റെ ഏത് ലേഖനത്തിലാണ് ഇപ്രകാരം നമ്മോട് പറയുന്നത്?
   a.റോമർ  b. എബ്രായർ  c. ഗലാത്യർ
7. സൂര്യനും ചന്ദ്രനും പതിനൊന്ന് നക്ഷത്രങ്ങളും തന്നെ സ്മരിച്ചുയെന്ന് സ്വപ്നം കണ്ടത് ആര്?
   a.ദാനിയേൽ  b. യാക്കോബ്  c. യൗസേഫ്
8. പരിശുദ്ധ സഭയുടെ അംഗീകൃത കാനോൻ രചിച്ചപിതാവ് ആര്?
   a.യാക്കോബ് ബുർദ്ദാന  b. ബാർ എബ്രായാ  c. മോർ സേവേറിയോസ്
9. ദൈവാരാധനയ്ക്ക് ആദ്യമായി ഒരു ദൈവാലയം നിർമ്മിച്ചത് ആര്?
   a.ദാവീദ്  b. ശലോമോൻ  c. സെരുബാബേൽ

**ഏപ്രിൽ മാസത്തെ ശരിയുത്തരങ്ങൾ:** 1 (സി) 2 (ബി) 3 (ബി) 4 (എ) 5 (സി) 6 (എ) 7 (ബി) 8 (സി) 9 (എ)
**ശരി ഉത്തരം തന്നവരുടെ പേരുകൾ യൂത്ത് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

*ഇവിടെ മുറിക്കുക*

1. A ☐ B ☐ C ☐   2. A ☐ B ☐ C ☐   3. A ☐ B ☐ C ☐
4. A ☐ B ☐ C ☐   5. A ☐ B ☐ C ☐   6. A ☐ B ☐ C ☐
7. A ☐ B ☐ C ☐   8. A ☐ B ☐ C ☐   9. A ☐ B ☐ C ☐

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 25.05.2012.

പേര് ..............................
വിലാസം ..............................
..............................
..............................
ഫോൺ ..............................
കുടുംബയൂണീറ്റ് ..............................

# ഇടവക കലണ്ടർ (ജൂൺ 2012)

(കുടുംബ യൂണിറ്റ്)


| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5<br>• മാർ കൂറിലോസ്<br>• ഇസ്രായേൽ | 6<br>• മൗണ്ട് കാർമേൽ<br>• മാർബർസൗമ്മാ | 7 | 8 | 9<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• മാർ മിഖായേൽ<br>• സെന്റ് കുര്യാക്കോസ് |
| 10<br>• മാർ കൗമ്മാ<br>• മൗണ്ട് ഹെബ്രോൺ | 11<br>• മൗണ്ട് താബോർ<br>സെന്റ് അപ്രേം | 12<br>• സേവേറിയോസ്<br>സെന്റ് ഇഗ്നാത്തിയോസ് | 13<br>• സെന്റ് ജോൺസ് | 14<br>ബൈബിൾ ക്ലാസ് | 15 | 16<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• ബഥാനിയ<br>• മാർ സ്തേഫാനോസ് |
| 17<br>നസ്രേത്ത്<br>• സെന്റ് ജേക്കബ്<br>• സെന്റ് പോൾസ്<br>4 to 6 pm | 18<br>• മോർ<br>പോളിക്കാർപ്പസ് | 19<br>• മാർ<br>ഗ്രിഗോറിയോസ് | 20<br>• സെന്റ് പീറ്റേഴ്സ് | 21<br>ബൈബിൾ ക്ലാസ് | 22 | 23<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• ബെത്സൈദ |
| 24 | 25 | 26 | 27 | 28 | 29 | 30 |

വേർപാടിന്റെ ഒന്നാം വർഷം (17.05.2012)



കുഞ്ഞമ്മ ജോണി
വെളിയത്തുകുടി
സന്തപ്തകുടുംബാംഗങ്ങൾ

സ്നേഹസ്മരണയ്ക്ക്
5-ാം ചരമവാർഷികം (27.05.2012)



കെ.എം. ജോസഫ്
പുതുപ്പറമ്പിൽ 'ഡയാനഭവൻ'
അമ്പലമേട് പി.ഒ, കുഴിക്കാട് കര

പാവനസ്മരണയ്ക്ക്
1-ാം ചരമവാർഷികം (2.5.2012)





പി.ഐ. യോഹന്നാൻ (കുഞ്ഞുമോൻ)
മോളത്തുപറമ്പിൽ, മാമല
സന്തപ്തകുടുംബാംഗങ്ങൾ

# 1–ാം ചരമവാർഷികം (16.05.2012)



**പി.സി. പൈലി (കുഞ്ഞ്)**
**പുമിമൂട്ടിൽ, തിരുവാങ്കുളം**

**സന്തപ്തകുടുംബാംഗങ്ങൾ**

Chief Editor: Varghese Raju Mob: 9895080955, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoice@stgeorgecathedral.in
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356